മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033
ഫോൺ നമ്പർ : 0471-2724696. ഇ-മെയിൽ: keralasocialaudit@gmail.com

No.10/MGNSASK/Estt/19 16.02.2019

## *3000-ത്തോളം*
## *സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നു*

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വകുപ്പ് 17-ാം വകുപ്പു പ്രകാരം പദ്ധതിയിൽ ഏറ്റെടുക്കപ്പെടുന്ന എല്ലാ പ്രവർത്തികളും ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വവും സഹായവും നൽകുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള സ്വതന്ത്ര സ്ഥാപനമാണ് "മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള". ജില്ല,ബ്ലോക്ക്, വില്ലേജ് തല റിസോഴ്സ് പേഴസ്ൺമാരിലൂടെയാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

ഇപ്പോൾ 14 ജില്ലാതല റിസോഴ്സ് പേഴ്സൺമാരും 54 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരും നിലവിലുണ്ട്. പുതിയതായി ഒരു ബ്ലോക്കിന് ഒന്ന് എന്ന ക്രമത്തിൽ 98 ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാരെയും, 2823 വില്ലേജ് റിസോഴ്സ്പേഴ്സൺമാരെയും തെരഞ്ഞെടുക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ താഴെപ്പെടുത്തിയിരിക്കുന്നു.

### (A) വില്ലേജ് റിസോഴ്സ് പേഴ്സൺ

(1) ഓരോ പഞ്ചായത്തിന് ഒന്ന് എന്ന ക്രമത്തിലാണ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കേണ്ടത്. അവർക്ക്, പ്രവർത്തിക്കുന്ന ദിവസങ്ങളിൽ രൂപ. 350/-(മുന്നൂറ്റി അൻമ്പത് രൂപ) പ്രതിദിനം എന്ന നിലയിലാണ് വേതനം ലഭിക്കുക.

(2) ഓരോ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ടീമുകളായിട്ടായിരിക്കും വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ രൂപീകരിക്കുക. സ്വന്തം പഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റിൽ അവർക്ക് പങ്കെടുക്കാനാകില്ല.

(3) ഓരോ ബ്ലോക്കിലും ഉള്ള പഞ്ചായത്തുകളുടെ എണ്ണത്തിന്റെ മൂന്നിരട്ടി വില്ലേജ് റിസോഴ്സ് പേഴ്സൺമാരുള്ള ഒരു "വില്ലേജ് റിസോഴ്സ് പൂൾ" ഉണ്ടാക്കുകയും, പരിശീലനം നൽകുകയും സ്വന്തം പഞ്ചായത്ത് ഒഴിവാക്കി സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിൽ ആവശ്യാനുസരണം പങ്കാളിയാക്കുകയും ചെയ്യുന്ന ഒരു പ്രകിയ ആയിരിക്കും അനുവർത്തിക്കുന്നത്.

**<u>യോഗ്യതകളും മുൻഗണനകളും</u>**

1. 15.2.2019-ൽ 30 (മുപ്പത്) വയസ്സിൽ താഴെയുള്ളവരായിരിക്കണം.
2. കുറഞ്ഞ പ്ലസ്ടു തത്തുല്ല്യമായ യോഗ്യത ഉണ്ടായിരിക്കണം. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് പരിഗണനയുണ്ടായിരിക്കും
3. തൊഴിലുറപ്പുതൊഴിലാളികൾക്കും അവരുടെ മക്കൾക്കും പരിഗണനയുണ്ടായിരിക്കും.
4. SC/ST/BPL കുടുംബങ്ങളിൽ നിന്നുള്ളവർക്കും മുൻഗണനയുണ്ടായിരിക്കും
5. സ്ത്രീകൾക്ക് 50% സംവരണം നൽകുന്നതാണ്.
6. കമ്പ്യൂട്ടർ സംബന്ധിയായ വിഷയങ്ങളിൽ ഡിഗ്രി, ഡിപ്ളോമ, തുടങ്ങിയ യോഗ്യതയുള്ളവർക്കും പരിഗണന നൽകുന്നതാണ്.

വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ബ്ലോക്ക് അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റ് തയ്യാറാക്കി, സ്വന്തം പഞ്ചായത്ത് ഒഴിവാക്കിയായിരിക്കും നിയമിക്കുക. എന്നിരുന്നാലും ആവശ്യാനുസരണം ജില്ലയിൽ എവിടെയും

സേവനം ചെയ്യുന്നതിന്, സന്നദ്ധരായിരിക്കണം. ചുരുക്കപ്പട്ടികയിൽ വന്നിട്ടുള്ള അർഹരായിട്ടുള്ളവരിൽ നി യിരിക്കും വി.ആർ.പി.മാരെ തിരഞ്ഞെടുക്കുക

ഏതെങ്കിലും ബ്ലോക്കുകളിൽ, പഞ്ചായത്തുകളുടെ എണ്ണത്തിന്റെ 4 ഇരട്ടിയെങ്കിലും അപേക്ഷകർ ഇല്ലാത്തപക്ഷം, പ്രസ്തുത ബ്ലോക്കുകളിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

## (B) ബ്ലോക്ക് റിസോഴ്സ് പേഴ്സൺ

**ബ്ലോക്ക് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ (ഏകദേശം ഉഉ ഒഴിവുകൾ)**

**യോഗ്യത:**

1. ബിരുദാനന്തര ബിരുദം
2. സോഷ്യൽ ഓഡിറ്റിൽ പങ്കെടുത്തും അതു സംഘടിപ്പിച്ചുമുള്ള പരിചയം
3. ഒരുവർഷമെങ്കിലും NGO/Civil Society Organization,പാവപ്പെട്ടവർക്കു വേണ്ടിയുള്ള അവകാശങ്ങളെക്കുറിച്ചുള്ള Advocancy പ്രവർത്തനങ്ങൾ.
4. കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ സങ്കേതങ്ങളെക്കറിച്ചുള്ള അറിവ്.

**അല്ലെങ്കിൽ**

1. ബിരുദം
2. സോഷ്യൽ ഓഡിറ്റിൽ പങ്കെടുത്തും അതു സംഘടിപ്പിച്ചുമുള്ള പരിചയം
3. മൂന്നുവർഷമെങ്കിലും NGO Civil Society Organization,പാവപ്പെട്ടവർക്കു വേണ്ടിയുള്ള അവകാശങ്ങളെക്കുറിച്ചുള്ള Advocancy പ്രവർത്തനങ്ങൾ.
4. കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ സങ്കേതങ്ങളെക്കറിച്ചുള്ള അറിവ്.

**അഭികാമ്യം**

- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലുള്ള അറിവും പരിചയവും
- അവകാശാധിഷ്ഠിത നിയമങ്ങൾ - വിവരാവകാശം, വനാവകാശം, വിദ്യാഭ്യാസ അവകാശം - തുടങ്ങിയവയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ക്യാമ്പെയിൻ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം.
- പ്രായം 15.02.2019-ൽ 55 വയസ്സ് തികയാൻ പാടില്ല.

**ഉത്തരവാദിത്വങ്ങൾ**

ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളിലും നടക്കുന്ന സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെ കൃത്യമായി സമയബന്ധിതമായി പൂർത്തികരിക്കുക.

പൗരബോധം ഉയർത്തിക്കൊണ്ടുവരികയും അതുവഴി തൊഴിലുറപ്പ് പദ്ധതി കുടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ക്രിയാത്മകമായി ഇടപ്പെടുക. .

കരാർ അടിസ്ഥാനത്തിൽ നിയമിയ്ക്കുന്ന ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺസിന് പ്രതിമാസം യാത്രാക്കൂലിയടക്കം **15,000/-(പതിനയ്യായിരം രൂപാ)** രൂപ നൽകുന്നതാണ് .സ്ത്രീകൾക്കും, എസ്.സി., എസ്.റ്റി., വിഭാഗത്തിൽപ്പെട്ടവർക്കും പരിഗണനയുണ്ടായിരിക്കുന്നതാണ്.

**ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ ചുവടെ ചേർത്തിട്ടുള്ള ബ്ലോക്കുകളിലാണ് നിലവിൽ ഉള്ളത്.**

| ജില്ല | ബ്ലോക്കിന്റെ പേര് |
|---|---|
| തിരുവനന്തപുരം | വർക്കല, ചിറയിൻകീഴ് |
| | |

| | |
|---|---|
| കൊല്ലം | കൊട്ടാരക്കര, പത്തനാപുരം, അഞ്ചൽ, ഓച്ചിറ, ചിറ്റുമല, മുഖത്തല |
| പത്തനംതിട്ട | മല്ലപ്പള്ളി, കോഴിപ്പുറം, ഇലന്തൂർ, റാന്നി, പന്തളം, പറക്കോട്,കോന്നി |
| ആലപ്പുഴ | ആര്യാട്. അമ്പലപ്പുഴ, ചമ്പകുളം, ചെങ്ങന്നൂർ, തൈയ്ക്കാട്ടുശ്ശേരി, പട്ടണക്കാട്, ഭരണിക്കാവ്.മാവേലിക്കര, മുതുക്കുളം, വെളിയനാട്, ഹരിപ്പാട് |
| കോട്ടയം | വൈക്കം. കടുതുരുത്തി, ഉഴവൂർ, ഏറ്റുമാനൂർ, ഈരാട്ടുപേട്ട, പാമ്പാടി, പള്ളം, മാടപ്പള്ളി. വാഴൂർ |
| ഇടുക്കി | ഇടുക്കി. ദേവികുളം. അഴുത, അടിമാലി |
| എറണാകുളം | വാഴക്കുളം. പള്ളുരുത്തി, മുളംതുരുത്തി.വടവുകോട്, കോതമംഗലം, പാമ്പാക്കുട, മൂവാറ്റുപുഴ, അങ്കമാലി |
| തൃശ്ശൂർ | ചാവക്കാട്, ചൊവ്വന്നൂർ, വടക്കാഞ്ചേരി, ഒല്ലുക്കര,പുഴക്കൽ, തളിക്കുളം, അന്തിക്കാട്.ചേർപ്പ്.കൊടകര, ഇരിങ്ങാലക്കുട.വെള്ളാങ്കലൂർ, മതിലകം, മാള. ചാലക്കുടി |
| പാലക്കാട് | അട്ടപ്പാടി. മലമ്പുഴ. പട്ടാമ്പി, |
| മലപ്പുറം | വണ്ടൂർ. അരീക്കോട്, തിരൂരങ്ങാടി, തിരൂർ. താനൂർ, വേങ്ങര, പെരുമ്പടപ്പ്, കുറ്റിപുറം. പെരുന്തൽമണ്ണ, മങ്കട, മലപ്പുറം. കാളികാവ് |
| കോഴിക്കോട് | കോഴിക്കോട്. കൊടുവള്ളി, കുന്ദമംഗലം. ബാലുശ്ശേരി, പേരാമ്പ്ര, മേലടി, പന്തലായനി. തൂണേരി, കുന്നുമ്മേൽ |
| വയനാട് | കൽപ്പറ്റ. സുൽത്താൻബത്തേരി, മാനന്തവാടി |
| കണ്ണൂർ | എടക്കാട്, ഇരിട്ടി, പേരാവൂർ, തളിപ്പറമ്പ്, പാനൂർ |
| കാസർകോട് | മഞ്ചേശ്വരം, കാസർകോട്, കാഞ്ഞങ്ങാട്, പരപ്പ, കാറഡുക്ക |

ചുരുക്കപ്പട്ടികയിൽ വന്നിട്ടുള്ളവർക്കായിരിക്കും എഴുത്തുപരീക്ഷയും മുഖാമുഖവും നടത്തുക.

തൽപരരായ ഉദ്യോഗാർത്ഥികൾ **www.socialaudit.kerala.gov.in** എന്ന സൈറ്റിൽ അപേക്ഷ അയക്കേണ്ടതാണ്. അപേക്ഷകൾ 06.03.2019 വരെ സ്വീകരിക്കുന്നതാണ്. അപേക്ഷകൾ വെബ്സൈറ്റിലൂടെ മാത്രമേ സ്വീകരിക്കുകയുള്ളു.

11/2/19

ഡോ. എബിജോർജ്ജ്
ഡയറക്ടർ,
സോഷ്യൽ ഓഡിറ്റ്